# Athmaraksha.org

നൊവേന

## വി. ഗീവർഗീസ് സഹദായുടെ നൊവേന-St Gheevarghese



പ്രാരംഭഗാനം

(നിത്യസഹായനാഥേ.. .. എന്ന രീതി)

വന്ദ്യനാം രക്തസാക്ഷി
ഗീവർഗ്ഗീസ് സഹദായേ
ഞങ്ങൾക്കായ് എന്നുമെന്നും
പ്രാർത്ഥിക്ക സ്നേഹതാതാ

വിശ്വാസം സംരക്ഷിക്കാൻ
പീഠകളേറ്റുവാങ്ങി
പ്രാണനെഹോമിച്ചോനേ
ധീരനാം കർമ്മയോഗി
(വന്ദ്യനാം....)

സുവിശേഷചൈതന്യമീ
മക്കളിൽ നിറയുവാനായ്
മദ്ധ്യസ്ഥം യാചിക്കുന്ന
വീരനാം പുണ്യതാതാ
(വന്ദ്യനാം....)

പ്രാരംഭപ്രാർത്ഥന

അനീതിക്കെതിരെ ധീരമായി പോരാടുകയും സത്യവിശ്വാസം പ്രചരിപ്പിക്കുന്നതിന് തീക്ഷ്ണമായി പരിശ്രമിക്കുകയും വിശ്വാസത്തിനുവേണ്ടി അതികഠിനമായ പീഠനങ്ങൾ സഹിച്ച് രക്തസാക്ഷിത്വം വരിക്കുകയും ചെയ്ത വി. ഗീവർഗ്ഗീസ് സഹാദയെ ഞങ്ങൾക്കെന്നും സഹായമരുളുന്ന മദ്ധ്യസ്ഥനായി നൽകിയ പരമകാരുണ്യവാനായ ദൈവമേ ഞങ്ങളങ്ങയെ സ്തുതിക്കുന്നു. ഞങ്ങളുടെ നിസ്സഹായാവസ്ഥയിൽ ഞങ്ങളങ്ങയുടെ സന്നിധിയണയുന്നു. പലവിധ കാരണങ്ങളാൽ വേദന അനുഭവിക്കുന്ന ഞങ്ങളോടു കരുണ കാണിക്കണമേ. ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന വി.

ഗീവർഗ്ഗീസിന്റ സുകൃതങ്ങൾ പരിഗണിച്ചുകൊണ്ട് ഞങ്ങളുടെ പ്രാർത്ഥന സ്വീകരിച്ച് ഞങ്ങളുടെ ആവശ്യങ്ങൾ... സാധിച്ചുതരണമെന്ന് അങ്ങേ തിരുക്കുമാരൻ ഈശോമിശിഹായുടെ നാമത്തിൽ അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. 1 സ്വ. 1 ന. 1 ത്രി.

## മദ്ധ്യസ്ഥ പ്രാർത്ഥന

ഞങ്ങളുടെ പിതാവായ വി. ഗീവർഗ്ഗീസ് സഹദായേ, അങ്ങേ മാദ്ധ്യസ്ഥംവഴിയായി ലഭിക്കുന്ന അനേകം അത്ഭുതങ്ങളെ ഞങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. ദൈവികസന്നിധിയിലുള്ള അങ്ങയുടെ മാദ്ധ്യസ്ഥശക്തിയിൽ ഞങ്ങൾ ദൃഢമായി ശരണപ്പെടുന്നു. ദുഖത്താൽ വലയുന്ന അങ്ങേ വൽസല മക്കൾക്ക് ആവശ്യമായ എല്ലാ അനുഗ്രഹങ്ങളും ധാരാളമായി നൽകുന്നതിന് അങ്ങ് സദാ സന്നദ്ധരാണെന്ന് ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു. പുണ്യപിതാവേ, ഞങ്ങളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ എല്ലാ ആവശ്യങ്ങളിലും അങ്ങ് ഞങ്ങൾക്ക് തുണയും സഹായവുമായിരിക്കണമേ. വിഷയഭയത്തിൽ നിന്നും പൈശാചിക ഉപദ്രവങ്ങളിൽ നിന്നും ഞങ്ങളെ കാത്തുരക്ഷിക്കുന്നതിനുള്ള അമൂല്യമായ വരം ലഭിച്ചിരിക്കുന്ന സ്നേഹ പിതാവേ ഞങ്ങളുടെ ആവശ്യങ്ങളിൽ ഞങ്ങളുടെ സാഹായത്തിനെത്തേണമേ. അങ്ങയുടെ അനുഗ്രഹങ്ങളെ ഞങ്ങളെന്നും നന്ദിയോടെ ഓർക്കുമെന്നും അങ്ങയോടുള്ള ഭക്തിവഴിയായി ഞങ്ങളുടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമായ ഈശോയെ കൂടുതൽ സ്നേഹിക്കാൻ പരിശ്രമിക്കുമെന്നും അങ്ങയോടു ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.

## ലുത്തിനിയ

കർത്താവെ അനുഗ്രഹിക്കണമെ
മിശിഹായെഅനുഗ്രഹിക്കണമെ
കർത്താവെ അനുഗ്രഹിക്കണമെ
മിശിഹായേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ
മിശിഹായെഞങ്ങളുടെ പ്രാർത്ഥന കൈകൊള്ളണമെ

സ്വർഗ്ഗസ്ഥനായ പിതാവായ ദൈവമേ,
ഞങ്ങളെ അനുഗ്രഹിക്കണമേ
ഭൂലോകരക്ഷകനായ പുത്രനായ ദൈവമേ
ഞങ്ങളെ അനുഗ്രഹിക്കണമേ
പരിശുദ്ധനായ ദൈവമേ
ഞങ്ങളെ അനുഗ്രഹിക്കണമേ
ഏകദൈവമായ പരിശുദ്ധ ത്രീത്വമേ
ഞങ്ങളെ അനുഗ്രഹിക്കണമേ

പരിശുദ്ധ മറിയമേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
ഞങ്ങളുടെ പിതാവായ വി. ഗീവർഗ്ഗീസ് സഹദായേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
അനേകരെ സത്യവിശ്വാസത്തിലേക്ക് ആനയിച്ച വി. ഗീവർഗ്ഗീസ് സഹദായേ,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
പെശാചിക ഉപദ്രവങ്ങളെ ഉന്മൂലനം ചെയ്യുവാനുള്ള വരം ലഭിച്ച വി. ഗീവർഗീസ് സഹദായേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
വിഷജന്തുക്കളുടെ ഉപദ്രവങ്ങളിൽ നിന്നും ഞങ്ങളെ കാത്തു പരിപാലിക്കുന്നതിനുള്ള വരം ലഭിച്ച വി. ഗീവർഗീസ് സഹദായേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിത്വം വരിക്കാൻ എന്റെ ആത്മാവു ദാഹിക്കുന്നു എന്ന് അരുളിച്ചെയ്തു വി. ഗീവർഗീസ് സഹദായേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
കഠിനമായ മർദ്ദനങ്ങൾ സഹിച്ച വി. ഗീവർഗീസ് സഹദായേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

നിഷ്ഠരമായ പീഢകളേറ്റ് കൈകാലുകൾ കെട്ടപ്പെട്ട ഇരുട്ടറയിൽ തള്ളിയപ്പോഴും ക്രിസ്തുവിലുള്ള അചഞ്ചലമായ വിശ്വാസം പ്രഖ്യാപിച്ച വി. ഗീവർഗീസ് സഹദായേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
ചുട്ടുപഴുത്ത ആണികൾ കാൽവെള്ളയിൽ അടിച്ചുകയറ്റിയപ്പോഴും ശരീരഭാഗങ്ങൾ വാൾകൊണ്ട് അറുത്തുമുറിച്ചപ്പോഴും തന്റെ വിശ്വാസത്തിൽ ഉറച്ച നിന്നവനായ വി. ഗീവർഗീസ് സഹദായേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
എന്റെ ശരീരത്തെ ദ്രോഹിക്കുവാനാല്ലാതെ ആത്മാവിനെ സ്പർശിക്കാൻപോലും താങ്കൾക്ക് സാധ്യമല്ല എന്ന് ചക്രവർത്തിയോട് വിളിച്ചുപറഞ്ഞ വി. ഗീവർഗീസ് സഹദായേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
വിശ്വാസസംരക്ഷണത്തിനായി ഡയോക്ലിഷ്യൻ ചക്രവർത്തിയുടെ വാളിനിരയായി മരണം വരിച്ച വി. ഗീവർഗീസ് സഹദായേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടായ ഈശോ തമ്പുരാനേ
കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കേണമേ
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടായ ഈശോതമ്പുരാനേ,
കർത്താവേ, ഞങ്ങളുടെ പ്രാർത്ഥനകേൾക്കേണമേ
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടായ ഈശോതമ്പുരാനേ,
കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കേണമേ
ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ
വിശുദ്ധ ഗീവർഗ്ഗീസ് സഹദായേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.

## പ്രാർത്ഥിക്കാം

പിതാവായ ദൈവമേ, അങ്ങേ വിശ്വസ്തദാസനായ വിശുദ്ധ ഗീവർഗ്ഗീസിന് വണക്കം ചെയ്യുന്ന അങ്ങേ മക്കളായ ഞങ്ങളെ അനുഗ്രഹിക്കണമേ. ആ വിശുദ്ധന്റെ മാദ്ധ്യസ്ഥം വഴിയായി ഞങ്ങളപേക്ഷിക്കുന്ന അനുഗ്രഹങ്ങൾ ഞങ്ങൾക്കു നൽകണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## സമാപന പ്രാർത്ഥന

കാരുണ്യവാനും ലോകരക്ഷകനുമായ ദൈവമേ, വീരോചിതമായ വിശ്വാസ ചൈതന്യത്താൽ വിളങ്ങി പ്രകാശിച്ച് അനേകായിരങ്ങളെ സത്യവിശ്വാസത്തിലേക്ക് ആകർഷിച്ച വി.വർഗ്ഗീസിന്റെ മധ്യസ്ഥം അപേക്ഷിക്കുന്ന ഢങ്ങളെ വിശ്വാസതീക്ഷ്ണതയിൽ വർദ്ധിപ്പിക്കുന്നതിന് ഇടയാകണമേ കഠോരമായ മർദ്ദനങ്ങൾ സഹിച്ച് വിശ്വാസത്തിനുവേണ്ടി അകാലത്തിൽ വീരചരമം പ്രാപിച്ച വി.വർഗ്ഗസിനെപ്പോലെ ഞങ്ങളും പ്രലോഭനങ്ങളിൽഡ പതറാതെ ഈശോനാഥന്റെ പ്രബോധനങ്ങൾക്ക് വിധേയമായി ഉത്തമക്രിസ്തു ജീവിതം നയിക്കുന്നതിനുള്ള അനുഗ്രഹം നൽകേണമേ. വി. വർഗ്ഗീസിനെപ്പോലെ ഞങ്ങളും മരണപര്യന്തം വിശ്വാസ ജീവിതം നയിക്കുന്നതിനും സത്യവിശ്വാസത്തിന്റെ പുണ്യഫലങ്ങൾ ഞങ്ങളിൽ വർദ്ധിക്കുന്നതിനുവേണ്ട അനുഗ്രഹങ്ങളും, അതോടൊപ്പം ഞങ്ങൾക്കിപ്പോൾ ഏറ്റവും ആവശ്യമായിരിക്കുന്ന അനുഗ്രഹങ്ങളും.... കാരുണ്യവാനായ പിതാവേ അങ്ങ് ഞങ്ങൾക്ക് നൽകണമേ ആമ്മേൻ.

## സമാപന ഗാനം

(മറിയമേ നിന്റെ ചിത്രത്തിൽ .. ഓന്ന രീതി)

വന്ദ്യപാദനാം ഗീവർഗ്ഗീസിനെ
നന്ദിയോടെ നമിക്കുന്നു.
ധീരസാഹസവീരഗാഥകൾ
ഓർത്തു ഞങ്ങൾ പുകഴ്ത്തുന്നു

യേശുവിൻ പുത്രൻ രക്തസാക്ഷി നീ
പുണ്യവാനായ സഹാദയേ

ക്രിസ്തുവിൻ സാക്ഷി വിശ്വസ്തദാസൻ
വന്ദ്യനാം പടയാളി നീ...

സത്യവിശ്വാസസംരക്ഷക നിന്നെ
വാഴ്ത്തിപ്പാടുന്നു എന്നെന്നും
മക്കൾഞങ്ങൾക്കു തുണയായീടണമേ
അശാരുഢനാം താതനേ
(വന്ദ്യനാം....)

## വി. ഗീവർഗ്ഗീസ് സഹദായുടെ ലഘു ജീവിതം

എ.ഡി. 263 - ൽ ഏഷ്യാമൈനറിൽ കപ്പദോച്യയിലെ ഒരു പ്രഭു കുടുംബത്തിലാണ് വി. വർഗ്ഗീസ് ഭൂജാതനായത്. ആ രാജ്യത്ത് അന്ന് ഉൽകൃഷ്ടമായി കരുതിയിരുന്ന ഒന്നാണ് സൈനികസേവനം ഗീവർഗ്ഗീസും സൈനികസേവനത്തിന് നിയമിതനായി. കേവലം 16 വയസ് മാത്രം പ്രായമുള്ള ഈ ഭടൻ സൈനികമേധാവികളുടെയും സഹഭടന്മാരുടേയും സ്നേഹബഹുമാനങ്ങൾക്ക് പാത്രീഭൂതനായി. ഈ കാലയളവിൽ റോമാസാമ്രാജ്യാധിപൻ ഡയോക്ലീഷ്യൻ ചക്രവർത്തിയായിരുന്നു തന്റെ ഭരണത്തിന്റെ പ്രാരംഭദശയിൽ സൗമ്യമനോഭാവം കാണിച്ച് ക്രിസ്ത്യാനികളെ ആകർഷിച്ച് ഭരണസ്ഥിരത വരുത്തിയശേഷം അതികഠിന മർദ്ദനമുറകളിലൂടെ അവരെ നിഗ്രഹിക്കുവാൻ ശ്രമിച്ച് വ്യക്തിയാണ് ഡയോക്ലീഷ്യൻ ചക്രവർത്തി.

വിശ്വസ്തനും ധീരനും രാജ്യസ്നേഹിയുമായ ഗീവർഗ്ഗീസിനെ ശരിക്കും അടുത്തറിഞ്ഞ ചക്രവർത്തി പടിപടിയായി അദ്ദേഹത്തിന് സ്ഥാനക്കയറ്റം നൽകി തന്റെ വിശ്വസ്തരുടെ നിരയിൽ ചേർത്തു. തന്റെ കടമകൾ അർപ്പണമനോഭാവത്തോടുകൂടി നിർവഹിച്ച അദ്ദേഹം ചക്രവർത്തിയുടെ ആദരവിന് പാത്രീഭൂതനായി.

ആരംഭഘട്ടത്തിൽ പ്രായേണ ക്രൈസ്തവവിരോധം സൗഹാർദ്ദപരമായി ഭരണം നിർവ്വഹിച്ചുപോന്നിരുന്ന ചക്രവർത്തി തികച്ചും അപ്രതീക്ഷിതമായി ഒരു വിളംബരം പുറപ്പെടുവിച്ചു. ക്രിസ്തുമതം ഒരു വിപ്ലവമതമാണെന്നും അത് സാമ്രാജ്യത്തിനാപൽക്കരമാണെന്നും ആ മതത്തിൽ ഉൾപ്പെട്ടവർ അതിൽ നിന്നും വിട്ടുപോരണമെന്നും അല്ലാത്തപക്ഷം അവർ കഠിനമായി ശിക്ഷിക്കപ്പെടുമെന്നും വിളംബരത്തിന്റെ സംഗ്രഹം.

ധീരനായ ഗീ വർഗ്ഗീസ് രാജസന്നിധിയിലെത്തി ഈ വിളംബരം പിൻവലിക്കണമെന്നാവശ്യപ്പെട്ടു. എന്നാൽ ചക്രവർത്തി തന്റെ തീരുമാനത്തിലുറച്ചു നിൽക്കുകയും ഗീവർഗ്ഗീസിനെതിരെ ഭീഷണി മുഴക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ രാജ്യ സേവനം പന്തിയല്ല് എന്ന് മനസ്സിലാക്കിയ ഗീവർഗ്ഗീസ് തന്റെ സ്ഥാനങ്ങൾ രാജിവച്ചു. ആ അതിപ്രഗത്ഭന്റെ രാജി ചക്രവർത്തിക്ക് കനത്ത ആഘാതമായി എങ്ങനെയും അദ്ദേഹത്തെ നില നിർത്താൻ രാജാവ് പല ശ്രമങ്ങളും നടത്തി. വിശ്വാസം ത്യജിക്കാതെ രാജ്യസേവനം നിർവ്വഹിക്കുന്നതിനുപോലും അനുവദിക്കാമെന്ന് ചക്രവർത്തി വാഗ്ദാനം ചെയ്തു. എന്നാൽ ചക്രവർത്തി വിളംബരം പിൻവലിക്കാതെ തന്റെ നിലപാടിൽ മാറ്റമില്ലെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. ഗത്യന്തരമില്ലാതെ ചക്രവർത്തി തന്റെ ഉദ്യമത്തിൽ നിന്നു പിന്തിരിയുകയും ഗീ വർഗ്ഗീസിനെ അതികഠിനവും നിഷ്ഠൂരവുമായ വിധത്തിൽ പീഠനങ്ങൾക്ക് വിധേയനാക്കി. കൈകാലുകൾ കെട്ടി ഇരുട്ടറയിൽ തള്ളി. ക്രിസ്തുവിലുള്ള അചഞ്ചലമായ വിശ്വാസവും അതിൽ നിന്നുളവായ ധൈര്യവും മൂലം പീഢാസഹനങ്ങളിലൊന്നും തന്റെ മനംമാറ്റത്തിന് സാധ്യതയുണ്ടായില്ല, അവസാനം ചുട്ടുപഴുപ്പിച്ച ആണികൾ കാൽവെള്ളയിലടിച്ചു കയറ്റിയും ശരീരഭാഗങ്ങൾ വാളുകൊണ്ടു അറുത്തുമുറിച്ചും അവസാനശ്രമം നടത്തിച്ചു. മർദ്ദനമുറകളാൽ രക്തം വാർന്ന് മൃതപ്രായനായ ഗീവറുഗീസിന് അന്ത്യശ്വാസം വലിച്ചു എന്നു കരുതി ഗീവവറുഗീസിനെ കോട്ടയ്ക്കുപുറത്തുള്ള കിടങ്ങിലേക്കെറിഞ്ഞുകളഞ്ഞു. എന്നാൽ ഗീവറുഗീസ് യാതൊന്നും സംഭവിക്കാത്തമട്ടിൽ ആ കിടങ്ങിൽ നിന്നും എഴുന്നേറ്റുവന്നു. വീണ്ടും കഠിനഹൃദയരായ പടയാളികളെക്കൊണ്ട് അതികഠിനമായ മർദ്ദനമുറകളൊന്നും അദ്ദേഹത്തെ കീഴ്പ്പെടുത്തുവാൻ സാധിച്ചില്ല. വീണ്ടും രാജസന്നിധിയിൽ അദ്ദേഹത്തെ വരുത്തി പലവിധത്തിലുള്ള വാഗ്ദാനങ്ങൾ വഴി വിശ്വാസത്യാഗത്തിനു ചക്രവർത്തി അദ്ദേഹത്തെ പ്രേരിപ്പിച്ചു. എന്നാൽ ഗീവറുഗീസ് ഘഖണ്ഡിതമായി പറഞ്ഞു. ഈ ലോകം മുഴുവൻ എനിക്ക് നിൽകിയാലും ക്രിസ്തുവിന്റെ ദാസനായി ജീവിക്കുകയാണ് എനിക്കഭികാമ്യം. മരിക്കേണ്ടിവന്നാലും ഞാൻ ക്രിസ്തുവിനെ ഉപേക്ഷിക്കുകയില്ല. അങ്ങയുടെ ഇഷ്ടദേവന്മാരെ ഒരിക്കലും ആരാധിക്കുകയില്ല. ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച മഹത്വത്തിന്റെ രാജ്യത്തിൽ പ്രവേശിക്കുവാൻ എന്റെ ആത്മാവ് ദാഹിക്കുന്നു. എന്റെ ശരീരത്തെ ദ്രോഹിക്കുവാനല്ലാതെ ആത്മാവിനെ സ്പർശിക്കുവാൻ പോലും അങ്ങേയ്ക്ക് സാധ്യമല്ല. ഗീവറുഗീസിന്റെ അചഞ്ചലമായ ഈ പ്രഖ്യാപനത്തോടെ പ്രതീക്ഷയറ്റ ചക്രവർത്തി കോപം കൊണ്ട്

കലിതുള്ളി വീണ്ടും അതിക്രൂരമായി അദ്ദേഹത്തെ അനുനിമിഷം പീഡിപപിച്ചുകൊണ്ടിരുന്നു.
ഗീവറുഗീസിന്റെ പീഡാസഹനവും ധൈര്യവും അചഞ്ചലമായ ക്രൈസ്തവ വിശ്വാസവും കണ്ട് ആ നാളുകളിൽ അനേകംപേർ ക്രൈസ്തവവിശ്വാസം സ്വീകരിച്ചു. എന്തിന് ഡയോക്ലീഷ്യൻ ചക്രവർത്തിയുടെ പട്ടമഹിഷി അലക്സാണ്ടർ രാജ്ഞിയും ക്രിസ്തുമതാവലംബിയായി കഴിഞ്ഞിരുന്നു. ഗീവറു ഗീസിനൊപ്പം രാജ്ഞിയേയും അതികഠിനമായി പീഡിപ്പിച്ചു മനസ്സു തിരിയാത്ത സാഹചര്യത്തിൽ ഇരുവരെയും വധിക്കുന്നതിന ചക്രവർത്തി കൽപന കൊടുത്തു. പീഡനങ്ങളുടെ കാഠിന്യത്താൽത്തന്നെ രാജ്ഞി കുഴഞ്ഞുവീണ് ചരമം പ്രാപിച്ചു.

ദൈവം നിശ്ചയിച്ച സമയമായപ്പോൾ ഗീവറുഗീസ് മുട്ടിന്മേൽ നിന്ന് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഈ തക്കം നോക്കി ഒരു പടയാളി അദ്ദേഹത്തിന്റെ ശിരസ്സ് ഛേദിച്ചു. അങ്ങനെ ആ വിശഅവസ്തനായ ക്രിസ്തു ശിഷ്യൻ തന്റെ ജീവിതലക്ഷ്യം സാക്ഷാത്ക്കരിച്ചു. എ.ഡി. 303 ഏപ്രിൽ 23-ാം തീയതിയായിരുന്നു വി.ഗീവറുഗീസിന്റെ മരണം. വി.ഗീവറുഗീസിന്റെ സമഹേതുക തിരുനാളായി ഏപ്രിൽ 23 ലോകമെമ്പാടും ഇന്ന് ആഘോഷിക്കുന്നു. ക്രിസ്തുവിനുവേണ്ടി വിശ്വാസജീവിതം നയിച്ച് വീരചരമം പ്രാപിച്ച ഈ വിശുദ്ധനെ നമ്മുടെ ജീവിത മാതൃകയായി യഥാർത്ഥ ക്രിസ്ത്യാനിയായി ജീവിക്കുവാൻ നമുക്കു പരിശ്രമിക്കാം.